# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3432 20.06.2018 ൽ മറുപടിയ്ക്ക്

### ജി.പി.എസ് സുരക്ഷാ സംവിധാനം

| ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പൊതുഗതാഗത സമ്പ്രദായത്തിൽ ജി.പി.എസ് സുരക്ഷാ സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | 01/04/2018 മുതൽ സംസ്ഥാനത്തെ പൊതു ഗതാഗത സമ്പ്രദായത്തിൽ ജി.പി.എസ്. സംവിധാനം നടപ്പിൽ വരുത്തുവാൻ 15/11/17 ലെ ജി.ഒ.(പി) നം. 27/2017/ട്രാൻസ് പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത്തരം ഉപകരണങ്ങൾക്ക് ഒരു കേന്ദ്രീകൃത നിലവാരം AIS:140 എന്ന പേരിൽ നിലവിൽ വന്നു. ആയതിനവശ്യമായ സോഫ്റ്റ് വെയർ മോഡിഫി ക്കേഷൻ നടത്തിവരുന്നു. എല്ലാ പൊതു വാഹനങ്ങൾക്കും ജി.പി.എസ്. സുരക്ഷ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനോടനുബന്ധിച്ച് തിരുവനന്തപുരത്ത് ഒരു കേന്ദ്രീകൃത കൺട്രോൾ റൂമും ജില്ലാടിസ്ഥാനത്തിൽ മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ വാഹനങ്ങളിലാണ് ഇത് ഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; | (ബി) | എല്ലാ പൊതു വാഹനങ്ങൾക്കും ചരക്ക് വാഹനങ്ങൾക്കും സ്കൂൾ വാഹനങ്ങൾക്കും ആംബുലൻസുകൾക്കും ജി.പി.എസ്. സുരക്ഷാ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ സ്കൂൾ വാഹനങ്ങൾക്കും പിന്നീട് സ്വകാര്യ ബസ്സുകൾക്കും ആംബുലൻസുകൾക്കും ചരക്ക് വാഹനങ്ങൾക്കും മുൻഗണനാടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ജി.പി.എസ്. സംവിധാനത്തിന് ആവശ്യമായ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവ വികസിപ്പിക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്? | (സി) | സിഡാക്കിനെ (C-DAC) യാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ